പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.557 04/07/2019-ൽ മറുപടിക്ക്

<u>സംരക്ഷിതാധ്യാപകരുടെ പുനർവിന്യാസം</u>

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ. പ്രൊഫ.കെ.യു. അരുണൻ<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ. സജി ചെറിയാൻ: | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പമന്ത്രി) |
| (എ) എയ്ഡഡ് സ്കൂളുകളിലെ സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; സംരക്ഷിത അധ്യാപകരുടെ പുനർവിന്യാസത്തിൽ എയ്ഡഡ് മാനേജ്മെന്റുകൾ സ്വാഗതാർഹമായ നിലപാടല്ല സ്വീകരിക്കുന്നതെങ്കിലും ഇത്തരം സ്കൂളുകളിലെ വർഷങ്ങളായ നിയമനത്തിന് അംഗീകാരം നൽകാൻ നടപടി സ്വീകരിച്ചിരുന്നോ; | (എ) 29-01-2016-ലെ സ.ഉ (പി)നം. 29/2016/ പൊ.വി.വ പ്രകാരമാണ് തസ്തിക നഷ്ടപ്പെടുന്ന ജീവനക്കാർക്ക് സംരക്ഷണം അനുവദിച്ചത്. താഴെപ്പറയുന്ന വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഇപ്രകാരം സംരക്ഷണം അനുവദിച്ചിട്ടുള്ളത്.<br>1. 31-03-2011 ന് നിയമനാംഗീകാരത്തോടെ റഗുലർ സർവ്വീസിൽ തുടർന്ന അദ്ധ്യാപക/ അനദ്ധ്യാപകർ.<br>2. അദ്ധ്യാപക പാക്കേജ് വഴി 01-06-2011 മുതൽ നിയമനാംഗീകാരം ലഭിച്ച അദ്ധ്യാപക/അനദ്ധ്യാപകർ.<br>3. മുൻകാല സംരക്ഷിത ഉത്തരവുകൾ വഴി സംരക്ഷണം ലഭിച്ച നിലവിലുള്ള അദ്ധ്യാപകരും അനദ്ധ്യാപകരും.<br>4. അദ്ധ്യാപക പാക്കേജ് വഴി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമിക്കപ്പെട്ട റിട്രഞ്ച്ഡ് അദ്ധ്യാപകർ, തസ്തിക ഇല്ലാതെ തന്നെ അദ്ധ്യാപക പാക്കേജ് വഴി മറ്റ് സ്കൂളുകളിലേക്ക് പുനർവിന്യസിച്ച് ശമ്പളം വാങ്ങി വരുന്ന സ്പെഷ്യ ലിസ്റ്റ് അദ്ധ്യാപകർ<br>5. 2011-12 മുതൽ 2014-15 വരെ രാജി, മരണം, റിട്ടയർമെന്റ്, പ്രമോഷൻ, സ്ഥലംമാറ്റം എന്നീ റഗുലർ തസ്തികകളിൽ നിയമിക്കപ്പെട്ടവരും 29-01-2016 ലെ ഉത്തരവിലെ ഖണ്ഡിക II (2) ൽ പ്രതിപാദിക്കുന്ന അനുപാതങ്ങളിൽ തസ്തിക ലഭ്യമായി നിയമനാംഗീകാരം നേടിയവരും.<br>29-01-16 പ്രബല്യത്തിൽ പുറപ്പെടുവിച്ച 03-12-2016 ലെ ജി.ഒ (പി) നം. 199/2016/ പൊവിവ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ സംരക്ഷിതാധ്യാപകരെ പുനർവിന്യസിക്ക |

വാനുള്ള മാർഗനിർദ്ദേശങ്ങൾ ചട്ടത്തിൽ ഉൾപ്പെടുത്തി.

ഇതിനെതിരെ പല മാനേജർമാരും ബഹു. ഹൈക്കോടതിയിൽ റിട്ട് പെറ്റീഷൻ നം. 1356/2017 ഉം മറ്റും സമർപ്പിക്കുകയും ചെയ്തു. ടി റിട്ട് പെറ്റീഷനുകളിൽ ബഹു. ഹൈക്കോടതി 11-10-2017 ലെ വിധിന്യായ പ്രകാരം ചുരുക്കം ചില ഭേദഗതികളോടെ മേൽ കെ.ഇ.ആർ ഭേദഗതി ശരിവച്ചു ഇതിനെതിരെ മാനേജർമാർ ബഹു. ഹൈക്കോടതിയിലും ഡിവിഷൻ ബഞ്ചിൽ റിട്ട് അപ്പീൽ നമ്പർ 2440/2017 ഉം മറ്റുള്ളവയും ഫയൽ ചെയ്തു. കെ.ഇ.ആർ ഭേദഗതി ഉത്തരവിന് 19-12-2017 ലെ തൽസ്ഥിതി തുടരുവാൻ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് ഇടക്കാല ഉത്തരവായി.

തുടർന്ന് 28-02-2019-ലെ ജി. ഒ (പി) നം.3/2019/പൊവിവ പ്രകാരം കെ.ഇ.ആർ ഭേദഗതി ഉത്തരവിന് ചില ഇളവുകൾ കൂടി സർക്കാർ നൽകി.

ഇവ നടപ്പിലാക്കുന്നത് സംബന്ധിച്ച് 8-3-2019 ലെ സർക്കുലർ നം.ജെ2/57/2019/ പൊവിവ പ്രകാരം ആവശ്യമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിർദേശങ്ങൾ പാലിക്കുന്ന മാനേജർമാർ നടത്തിയ നിയമനങ്ങൾ അംഗീകരിച്ചു നൽകുന്നുണ്ട്.

| | |
|---|---|
| (ബി) എയ്ഡഡ് സ്കൂളുകളിലെ തസ്തിക നിർണയം നിയമനാംഗീകാരം എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. എയ്ഡഡ് സ്കൂളുകളിലെ നിയമനാംഗീകാരവും തസ്തിക നിർണയവും 2019-20 അധ്യയന വർഷം മുതൽ 'സമന്വയ' സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് നടത്തുന്നത്. |
| (സി) പൊതുവിദ്യാലയങ്ങളുടെ ശാക്തീകരണത്തിനനുസൃതമായി സർക്കാർ വിദ്യാലയങ്ങളിൽ പുതിയ തസ്തിക സൃഷ്ടിക്കുന്നതിനും ഒഴിവുകൾ നികത്തുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കാമോ? | (സി) സർക്കാർ വിദ്യാലയങ്ങളിൽ തസ്തിക നിർണയ ഉത്തരവ് പ്രകാരം ഉണ്ടാകുന്ന പുതിയ തസ്തികകൾ ആനുപാതികമായി പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ